മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനും സ്വീകരിച്ച നടപടികൾ

15 (*195) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനുംവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ക്ഷേത്രങ്ങളും കാവുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം 2008-09 വർഷത്തിൽ 750 ക്ഷേത്രങ്ങൾക്കായി 1 കോടി 75 ലക്ഷം രൂപയും 2009-10 വർഷത്തിൽ 683 ക്ഷേത്രങ്ങൾക്കായി 2 കോടി 8 ലക്ഷം രൂപയും ജീർണ്ണോദ്ധാരണ ഗ്രാന്റായി നൽകിയിട്ടുണ്ട്. 2010-11-ൽ ഈ ഇനത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂസ്വത്ത് തിരിച്ചു പിടിക്കുന്നതിന് പ്രസ്തുത ഭൂസ്വത്തുക്കൾക്ക് ലാന്റ് കൺസർവൻസി ആക്റ്റ് ബാധകമാക്കിയിട്ടുണ്ട്. ഇതിനായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമിയിൽ ക്ഷേത്രങ്ങൾക്കാവശ്യമായ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനുപുറമേ ക്ഷേത്രങ്ങളിലെ തരിശുഭൂമികളിൽ വനംവകുപ്പുമായി സഹകരിച്ച് വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിന് ദേവാരണ്യം പദ്ധതിയും നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് 28-2-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 116/2009/ആർ.ഡി. ഉത്തരവു പ്രകാരം ശമ്പള പരിഷ്കരണം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അടിച്ചുതളി മുതൽ മാനേജർ വരെയുള്ള ജീവനക്കാർക്ക് മികച്ച ശമ്പളം ലഭിച്ചുവരുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിലുള്ള ക്ഷാമബത്തയും ഇവർക്ക് അനുവദിച്ചിട്ടുണ്ട്. 4-2-2010-ലെ GO(P)No. 41/2010/RD പ്രകാരം മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളവും പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ആചാര സ്ഥാനികർ/കോലധാരികൾ എന്നിവർക്ക് പ്രതിമാസ ആനുകൂല്യം നൽകുന്നതിന് 'ഉത്തര മലബാറിലെ ക്ഷേത്ര ആചാരസ്ഥാനികർ/കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി-2010' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് കമ്മീഷണർമാർ മുഖേന ധനസഹായവിതരണം നടത്തിവരുന്നു.

(ഡി) ക്ഷേത്രങ്ങളും കാവുകളുമായി ബന്ധപ്പെട്ട ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി ക്ഷേത്രഭാരവാഹികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് മുൻഗണന നൽകിവരുന്നു. സംസ്ഥാനത്തെ ഇത്തരം ജലസോത്രോതസ്സുകൾ സംരക്ഷിക്കുന്നതിന് റവന്യൂ(ദേവസ്വം) വകുപ്പ് ജലവിഭവ വകുപ്പുമായി ചേർന്ന് ഒരു പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളും മറ്റു കുറ്റകൃത്യങ്ങളും തടയുന്നതിനുള്ള സംവിധാനം

16 (*196) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിൻ യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി കേരളത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ എത്ര പോലീസുകാരുടെ സേവനം റെയിൽവേക്ക് വിട്ടുകൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേരളത്തിലൂടെ ഓടുന്ന ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളും മറ്റു കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു തടയുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് റെയിൽവേയുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly